**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5988** **09-07-2024 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ മുഖേന നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള ഓർഡറുകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെൽട്രോണിന് ലഭിച്ച പ്രവർത്തികളുടെ തുക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതെല്ലാം പദ്ധതികളാണ് കെൽട്രോൺ മുഖാന്തിരം ഏറ്റെടുത്ത് നടത്തി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെൽട്രോൺ ഏറ്റെടുത്തു നടത്തിവരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br><br>പ്രതിരോധ മേഖലയിൽ നിന്നുള്ള കസ്റ്റമേഴ്സ് ആയ **ഇന്ത്യൻ നേവി , എൻ പി ഓ എൽ , എൻ എസ് ടി എൽ, ബെൽ** എന്നിവർക്ക് വേണ്ട ഉൽപന്നങ്ങൾ ആയ '**സോണാർ അറേ, സോണാർ പവർ ആംപ്ലിഫൈർ, കാവിറ്റേഷൻ മീറ്റർ, സിമുലേറ്ററുകൾ, എക്സ് ബി ടി പ്രോബുകൾ, ലോഫർ കാർഡുകൾ, ഇ എം ലോഗ്, എക്കോ സൗണ്ടർ, അഡ്വാൻസ്ഡ് അണ്ടർ വാട്ടർ കമ്മ്യൂണിക്കേഷൻ സിസ്റ്റം**' എന്നിവ നിർമിച്ചു നൽകുക .<br><br>സ്റ്റാർട്ടപ്പ് കമ്പനികളിലൂടെ '**ഐ ഡി ഇ എക്സ് (ഇന്നോവേഷൻസ് ഫോർ ഡിഫെൻസ് എക്സലൻസ്) ചാലഞ്ചു പദ്ധതികൾ**' നടപ്പിലാക്കുക<br><br>കെൽട്രോൺ സ്പേസ് ഇലക്ട്രോണിക്സ് മേഖലയുടെ വികസനത്തിന്റെ ഭാഗമായി വി എസ് എസ് സി യുടെ അഭിമാനാർഹമായ വിവിധ **സാറ്റലൈറ്റ് ലോഞ്ച് പദ്ധതികൾക്ക് വേണ്ട പ്രധാനപ്പെട്ട പാക്കേജ്സ്/ ഉൽപ്പന്നങ്ങൾ** എന്നിവ നിർമിച്ചു നൽകുക .<br><br>കമ്പ്യൂട്ടർ , സോഫ്റ്റ്‌വെയർ, ഐ.ടി ഉൽപ്പന്നങ്ങൾ എന്നിവ അടങ്ങിയ ഐ .ടി മേഖലയിലെ വിവിധ പദ്ധതികളുടെ നിർവഹണം. അതിന്റെ ഭാഗമായി സംസ്ഥാനത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ / ഐ . ടി അനുബന്ധ ഹാർഡ്‌വെയർ ഉപകരണങ്ങൾ എന്നിവ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുവാനുള്ള **സ്റ്റേറ്റ് ' സെൻട്രലൈസ്ഡ് പ്രൊക്യൂർമെൻറ് റേറ്റ് കോൺട്രാക്ട് പദ്ധതിയുടെ'** നടത്തിപ്പ് .<br><br>തമിഴ് നാട്ടിലെ സർക്കാർ സ്കൂളുകളിൽ 'തമിഴ്നാട് സമഗ്ര ശിക്ഷ' പദ്ധതിയുടെ ഭാഗമായി **8209 ഹൈടെക് ലാബുകൾ & കമാൻഡ് കൺട്രോൾ സെന്റർ , 22,931 സ്മാർട്ട് ക്ലാസ് റൂമുകൾ** എന്നിവ സ്ഥാപിക്കുക.<br><br>മദ്ധ്യപ്രദേശ് ഗവൺമെന്റ് മലിനീകരണ നിയന്ത്രണ ബോർഡിനു വേണ്ടി **'ഇന്റഗ്രേറ്റഡ് വെബ് പോർട്ടൽ'** ഡിസൈൻ ചെയ്തു നിർമിച്ചു നൽകുക.<br><br>തിരുപ്പതി , ചെന്നൈ എന്നിവിടങ്ങളിലെ **'സ്മാർട്ട് സിറ്റി പ്രോജെക്ടുകളുടെ'** പൂർത്തീകരണം.<br><br>വിവിധ സംസ്ഥാനങ്ങളിലെ ഇന്റലിജന്റ് ട്രാഫിക് മാനേജ്മന്റ് സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം പദ്ധതികളുടെ നിർവഹണം.<br><br>കൂടംകുളം ന്യൂക്ലീയർ പവർ കോർപ്പറേഷന്റെ **പവർ പ്ലാന്റ്സ് 3 & 4 നു വേണ്ട റെക്റ്റിഫയേഴ്സ് , ഇൻവെർട്ടേർസ്** എന്നിവ നിർമിച്ചു നൽകുക .<br><br>ഡിജിറ്റൽ ശ്രവണ സഹായികളുടെ നിർമ്മാണവും വിപണനവും.<br><br>ന്യൂമാറ്റിക് പ്രോഡക്ട്സുകളുടെ നിർമാണവും വിപണനവും.<br><br>സെക്യൂരിറ്റി & സർവെയ്‌ലൻസ് സിസ്റ്റം, അറ്റെൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സോളാർ പദ്ധതികൾ എന്നിവയുടെ നിർവഹണം<br><br>കേരളത്തിലുടനീളമുള്ള 35 കെൽട്രോൺ നോളജ് സെന്ററുകൾ, മറ്റു 250-ഓളം അനുബന്ധ പരിശീലന കേന്ദ്രങ്ങൾ വഴി വിദ്യാർത്ഥികൾക്ക് തൊഴിൽ അധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ , ഇന്റേൺഷിപ്പുകൾ , തുടങ്ങിയ പരിശീലനങ്ങൾ, ഓഫ്‌ലൈൻ/ ഹൈബ്രിഡ് / ഓൺലൈൻ രീതിയിൽ നടപ്പിലാക്കുക . |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എം.എൽ.എ.മാരുടെ പ്രത്യേക വികസന പദ്ധതി, ആസ്തി വികസന പദ്ധതി എന്നിവ വഴി എത്ര രൂപയുടെ ഓർഡറുകൾ ലഭിച്ചുവെന്നും അതിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എം . എൽ . എ . മാരുടെ പ്രത്യേക വികസന പദ്ധതി , ആസ്തി വികസന പദ്ധതി എന്നിവ വഴി ആകെ **21.75** കോടി രൂപയുടെ **390** ഓർഡറുകൾ ലഭിച്ചു. അതിൽ **84** ഓർഡറുകൾ പൂർത്തിയാക്കാനുണ്ട് . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തുക (കോടിയിൽ ) |
|---|---|---|
| 1 | 2021-22 | 398.64 |
| 2 | 2022-23 | 427.70 |
| 3 | 2023-24 | 1524.61 |
| 4 | 2024-25<br>(As on 30-06-2024) | 271.06 |
| | ആകെ | 2622.01 |

സെക്ഷൻ ഓഫീസർ